☎ : 0484 - 2401448, 2401990
Fax: 0484 - 400644.

# Kerala Headload Workers Welfare Board

[Established under Section 14 of the Act 20 of 1980]
P.B.No.2017, S.R.M. Road, Ernakulam, Kochi - 682 018

നമ്പർ- ഡബ്ലിയു2- 4942/18 തിയതി- 11/4/2018

പ്രേഷിതൻ,

ചീഫ് എക്സിക്യൂട്ടീവ്.(ഇൻ ചാർജ്ജ്)

എറണാകുളം.

സ്വീകർത്താവ്,

ചെയർമാൻ

എല്ലാ ജില്ലാ കമ്മിറ്റികൾക്കും

സർ,

വിഷയം : വിവിധ ക്ഷേമാനുകൂല്യങ്ങൾക്കായി ബോർഡോഫീസിലേക്ക് അയക്കുന്ന അപേക്ഷകളിലെ അപാകത സംബന്ധിച്ച്

സൂചന : 1. 07/3/2017ലെ സർക്കുലർ നമ്പർ 39/16-17

കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന് കീഴിലുള്ള തൊഴിലാളികൾക്ക് നൽകി വരുന്ന വിവിധ ക്ഷേമാനുകൂല്യങ്ങളുടെ നിരക്ക് ഇരട്ടിയിലേറെ വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതി അനുശാസിക്കുന്ന മാനദണ്ഡം പാലിച്ചുകൊണ്ട് മാത്രമേ ഇളവിനായി ബോർഡിലേക്ക് അപേക്ഷകൾ സമർപ്പിക്കേണ്ടതുള്ളൂ. എന്നാൽ ക്രമപ്രകാരമല്ലാത്തതും സൂചന (1) സർക്കുലർ പ്രകാരമല്ലാത്തതുമായ അപേക്ഷകൾ ധാരാളം ബോർഡിലേക്ക് വന്നതായി കാണുന്നു. ആയതിനാൽ ആനുകൂല്യങ്ങൾക്കായി അപേക്ഷകൾ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന അപാകതകൾ പരിഹരിച്ച് അയക്കേണ്ടതാണ്.

1. അപേക്ഷകളിലും പരിശോധന റിപ്പോർട്ടിലും ബന്ധപ്പെട്ട അധികാരസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തിയിരിക്കണം
2. ഹാജർ കുറവിനും, കാലതാമസത്തിനും തൊഴിലാളിയുടെ വ്യക്തമായ വിശദീകരണം/കമ്മിറ്റി ശുപാർശ എന്നിവ ഉൾപ്പെടുത്തിയിരിക്കണം. കാലതാമസത്തിന് അറിവില്ലായ്മ/സാങ്കേതികം/വ്യക്തിപരം ഒരു കാരണമായി പരിഗണിക്കുന്നതല്ല.
3. അപേക്ഷയിൽ തൊഴിലാളിയുടെ/ആശ്രിതരുടെ രോഗവിവരം വ്യക്തമാക്കിയിരിക്കണം.
4. ബില്ലുകളിൽ തൊഴിലാളിയുടെ/ആശ്രിതരുടെ പേരിൽ വ്യത്യാസമുണ്ടെങ്കിൽ **one and the same certificate** ഉൾപ്പെടുത്തിയിരിക്കണം.

5. അപേക്ഷകൾ, കമ്മിറ്റി അധികൃതരുടെ ശുപാർശകളും ഉൾപ്പെടെ പൂർണ്ണമായി പൂരിപ്പിച്ച് അയക്കേണ്ടതാണ്.

6. ഇളവിനു വേണ്ടി സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം 31/3/2017ലെ 45/16-17 നമ്പർ സർക്കുലർ പ്രകാരമുള്ള വിവരങ്ങൾ (തൊട്ടു മുമ്പുള്ള 3 സാമ്പത്തിക വർഷത്തെ പൂൾ വിവരണം, തൊഴിലാളിയെ സംബന്ധിച്ച ചെയർമാന്റെ വിലയിരുത്തൽ) ഉൾപ്പെടുത്തിയിരിക്കണം.

7. ബില്ലുകളുടെ പുറകിൽ ചികിത്സിച്ച ഡോക്ടറുടെ ഒപ്പും സീലും, ആശുപത്രിയുടെ സീലും, തൊഴിലാളിയുടെ പേരും ഒപ്പും രേഖപ്പെടുത്തിയിരിക്കണം.

8. വിവാഹ വായ്പക്കായി അപേക്ഷ സമർപ്പിക്കുമ്പോൾ മതിയായ റ്റി.ബി.എഫ്. തൊഴിലാളിക്ക് ഉണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ശുപാർശ ചെയ്യുന്ന വായ്പാ തുക ഉൾപ്പെടെ തൊഴിലാളിക്ക് കമ്മിറ്റിയിലേക്കുള്ള ബാധ്യത റ്റി.ബി.എഫ്. തുകയുടെ 80%ൽ അധികരിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

മേൽ പ്രകാരം ക്രമ മല്ലാത്ത അപേക്ഷകൾ കമ്മിറ്റി തലത്തിൽ തന്നെ നിരസിക്കേണ്ടതും അല്ലാത്ത പക്ഷം കമ്മറ്റി അധികൃതർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

ടി വിവരം ബന്ധപ്പെട്ട എല്ലാ സബ് ഓഫീസുകളേയും അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ചീഫ് എക്സിക്യൂട്ടീവ്
(ഇൻ-ചാർജ്)നുവേണ്ടി